"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനപദ്ധതി പ്രകാരം നൽകുന്ന സമ്മാനത്തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1292/2022/SCSTD — തീയതി,തിരുവനന്തപുരം, 16-12-2022

പരാമർശം:- 1. സ.ഉ(സാധാ) നം.1460/2013/പജപവവിവ തീയതി 21/10/2013

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24/09/2022ലെ SCDD/4880/2022-B2 (EDN B) നമ്പർ കത്ത്.

**ഉത്തരവ്**

എസ്.എസ്.എൽ.സി, പ്ലസ്-ടു, വി.എച്ച്.എസ്.സി, റ്റി.റ്റി.സി, പോളിടെക്നിക്, ഡിപ്ലോമ, പോസ്റ്റ്ഗ്രാഡുവേഷൻ തുടങ്ങിയ കോഴ്സുകളിൽ ഡിസ്റ്റിംഗ്ഷനും, ഫസ്റ്റ് ക്ലാസും വാങ്ങുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി പ്രകാരം, നൽകി വരുന്ന തുകകൾ പരാമർ ശം (1) ലെ ഉത്തരവ് പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം കാലോചിതമായി പരിഷ്കരിക്കുന്നതിനായി പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനപദ്ധതി പ്രകാരം ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന തുക ചുവടെ ചേർക്കുന്നവിധം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കോഴ്സ് | 80% മുതൽ 100% വരെ മാർക്ക്/വിവിധ വിഷയങ്ങളിൽ A+അല്ലെങ്കിൽ A ഗ്രേഡോ ലഭിക്കുന്നവർക്ക് മാത്രം | 60% മുതൽ 79% വരെ മാർക്ക്/വിവിധ വിഷയങ്ങളിൽ B ഗ്രേഡ് വരെ മാത്രം ലഭിക്കുന്നവർക്ക് മാത്രം |
|---|---|---|
| എസ്.എസ്.എൽ.സി | 4000 | 2500 |
| +2, ഡിപ്ലോമ, റ്റി.റ്റി.സി, പോളിടെക്നിക്ക്, വി.എച്ച്.എസ്.സി തുടങ്ങിയവ | 6000 | 3500 |
| ബിരുദതല കോഴ്സുകൾ | 7500 | 5000 |
| പ്രൊഫഷണൽ ബിരുദ കോഴ്സുകൾ | 9000 | 7500 |
| ബിരുദാനന്തര ബിരുദം/ അതിനു മുകളിലുള്ള കോഴ്സുകൾ | 10000 | 7000 |
| പ്രൊഫഷണൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ /അതിനു മുകളിലുള്ള കോഴ്സുകൾ | 12000 | 9000 |

3) മുഴുവൻ മാർക്ക് അല്ലെങ്കിൽ 1,2,3 റാങ്ക് നേടുന്നവർക്ക് മേൽ പരാമർശിച്ച പ്രോത്സാഹനസമ്മാനത്തിന് പുറമെ പ്രത്യേക പ്രോത്സാഹനവും നൽകേണ്ടതാണ്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക "2225-01-277-57-34 (പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രശാന്ത് എൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ Audit), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ